ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ 7251/എച്ച്.കെ. എ 2/2022/നി.സെ. തിരുവനന്തപുരം, 02.09.2022.

## ദർഘാസ് പരസ്യം

നിയമസഭാസമുച്ചയത്തിൽ സൂക്ഷിച്ചിട്ടുള്ള 40 സിംഗിൾ സെറ്റി, 75 ഡബിൾ സെറ്റി, 50 ട്രിപ്പിൾ സെറ്റി, 8 കുഷ്യൻ ചെയർ എന്നിവ Dark biege, Light Cream എന്നീ കളറുകളിലുള്ള ഗുണനിലവാരമുള്ള തുണിയും ഫോം, സ്പ്രിംഗ്, റീപ്പർ എന്നിവയും ഉപയോഗിച്ച് അവ നിലവിൽ സൂക്ഷിച്ചിട്ടുള്ളിടത്ത് വച്ച് തന്നെ അപ്ഹോൾസ്റ്ററി വർക്കും പോളിഷിംഗും ചെയ്ത് ഉപയോഗയോഗ്യമാക്കുന്നതിന് സന്നദ്ധതയുള്ള സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും മുദ്രവച്ച കവറിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

## വിശദാംശങ്ങൾ

| | |
|---|---|
| ദർഘാസ് ഫാറത്തിന്റെ വില | :₹1920/-+GST@12%(ആകെ₹2150/-) |
| നിരതദ്രവ്യം | :₹ 12800/- |
| ദർഘാസുകൾ വിതരണം ചെയ്യുന്ന അവസാന തീയതി | :16.9.2022 വൈകിട്ട് 3.00 മണിവരെ |
| ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി | :17.09.2022 ഉച്ചയ്ക്ക് 2.00 മണിവരെ |
| ദർഘാസുകൾ തുറക്കുന്ന തീയതി | :17.09.2022 ഉച്ചയ്ക്ക് 2.30 മണി. |

നിബന്ധനകൾ ഉൾക്കൊള്ളുന്ന ദർഘാസ് ഫാറം അണ്ടർ സെക്രട്ടറി (ഹൗസ് കീപ്പിംഗ്) നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-ൽ നിന്ന് ലഭിക്കുന്നതാണ്. ദർഘാസ് സമർപ്പിക്കുന്ന കവറിനു പുറത്ത് "സെറ്റികൾക്കാവശ്യമായ അപ്ഹോൾസ്റ്ററി വർക്കുകൾ ചെയ്യുന്നതിനുള്ള ദർഘാസ് " എന്ന് രേഖപ്പെടുത്തേണ്ടതാണ്. ദർഘാസ് ഫാറത്തിന്റെ വില മടക്കി നൽകുന്നതല്ല. ദർഘാസ് ഫാറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. 17.09.2022-ന് അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചയ്ക്ക് 2 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് 2.30-ന് ആയത് തുറന്നുപരിശോധിക്കുന്നതുമാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല. പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ പരമാവധി സമയം ദർഘാസിൽ സൂചിപ്പിക്കേണ്ടതാണ്. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ നികുതികളും ചെലവുകളും ഉൾപ്പെടെ ആയിരിക്കണം. നിയമസഭയിൽ നിന്നും വിതരണം ചെയ്യുന്ന ദർഘാസ് ഫാറത്തോടൊപ്പം കേരള സംസ്ഥാനത്ത് നിന്നെടുത്ത 200 രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റും മറ്റ് ബന്ധപ്പെട്ട രേഖകളും സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് സന്നദ്ധതയുള്ള വ്യക്തികൾക്കോ സ്ഥാപനങ്ങളുടെ പ്രതിനിധികൾക്കോ 16.09.2022 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് 3 മുതൽ 5 വരെയുള്ള സമയത്ത് നിയമസഭ സെക്രട്ടേറിയറ്റിൽ നേരിട്ടെത്തി സെറ്റി/കുഷ്യൻ ചെയർ എന്നിവ പരിശോധിക്കാവുന്നതാണ്.

എസ്സ്. ആർ. പ്രദീപ് കുമാർ,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി.

FCB3C/AV/HousKee/Quo/Tend.Not./7352/31.08.2022